# 2023-TGC—ദൂത് അഞ്ച്—യോസേഫിന്റെ ജീവിതത്തിൽ കാണുന്ന പക്വതയുള്ള ജീവന്റെ വാഴുന്ന വശം

## ദർശനം

### I. ആത്മിക അനുഭവമനുസരിച്ച്, യാക്കോബും യോസേഫും ഒരു വ്യക്തിയാണ്; തികഞ്ഞവനായ, ക്രിസ്തുവിനാൽ സംരചിക്കപ്പെട്ട പക്വതയുള്ള വിശുദ്ധനെന്ന നിലയിൽ യാക്കോബ് യോസേഫിലൂടെ വാണു

A. നമ്മുടെ ആളത്തത്തിലേക്ക് സംരചിക്കപ്പെട്ട ക്രിസ്തുവാണ് യോസേഫ് മുൻകുറിക്കുന്ന വാഴുന്ന വശം

B. യോസേഫിന്റെ സ്വപ്നങ്ങൾ അവന്റെ ജീവിതത്തെ നിയന്ത്രിക്കുകയും അവന്റെ പെരുമാറ്റത്തെ നയിക്കുകയും ചെയ്തു; നാമും കാലത്തിലൂടെ കാണുവാനും ജീവൻ നിറഞ്ഞ കറ്റകളും പ്രകാശം നിറഞ്ഞ നക്ഷത്രങ്ങളും അല്ലാതെ മറ്റൊന്നുമില്ലാത്ത പുതിയ യെരൂശലേമിനെ നോക്കുവാനും "ദിവ്യ ദൂരദർശിനി" ഉപയോഗിക്കണം

C. മത്തായി 5—7-ൽ വിവരിച്ചിരിക്കുന്ന, നമ്മുടെ കോപത്തെ കീഴ്പ്പെടുത്തുകയും, നമ്മുടെ ആസക്തിയെ ജയിക്കുകയും ചെയ്യുന്ന സ്വർഗരാജ്യത്തിന്റെ ജീവിതമായിരുന്നു സ്വർഗീയ ദർശനത്തിൻ കീഴിലുള്ള യോസേഫിന്റെ ജീവിതം

D. പക്വതയുള്ള ജീവന്റെ വാഴുന്ന വശം എപ്പോഴും കർത്താവിന്റെ സാന്നിധ്യം ആസ്വദിക്കുന്ന ഒരു ജീവിതമാണ് അവന്റെ സാന്നിധ്യമുള്ളിടത്തെല്ലാം അധികാരമുണ്ട്, ഭരിക്കുന്ന ശക്തിയുണ്ട്

E. തന്റെ സ്വന്തം സ്വപ്നങ്ങൾ അതുവരെ നിവർത്തിയാകാതിരുന്നിട്ടും, കാരാഗൃഹത്തിൽ കിടക്കുന്ന തന്റെ രണ്ട് കൂട്ടാളികളുടെ സ്വപ്നങ്ങളെ വ്യാഖ്യാനിക്കുവാനുള്ള വിശ്വാസവും ധൈര്യവും യോസേഫിനുണ്ടായിരുന്നു

F. നാം ക്രിസ്തുവിനെ ജീവിച്ചു വെളിപ്പെടുത്തുന്നുവെങ്കിൽ, നാം എവിടെയായിരുന്നാലും ജീവൻ അല്ലെങ്കിൽ മരണം കൊണ്ടുവരും

G. നാം കർത്താവിനെ അന്വേഷിക്കുന്നെങ്കിൽ, അവൻ നമ്മെ ഒരു "തുറുങ്കിൽ" ആക്കിവെയ്ക്കും; തുറുങ്ക് ഇല്ലാതെ നമുക്ക് സിംഹാസനത്തിലേക്ക് ആരോഹണം ചെയ്യുവാൻ കഴിയില്ല

### II. ഉല്പ. 49:22—യോസേഫ് ഫലപ്രദമായോരു കൊമ്പ് നീരുറ ശിഖരങ്ങൾ മതിലിനു മുകളിലൂടെ പടരുന്നു

A. യോസേഫിന് തന്റെ സിംഹാസനാരോഹണത്തിൽ മഹത്വവും സമ്മാനങ്ങളും ലഭിച്ചത് മുൻകുറിക്കുന്നത് ക്രിസ്തുവിന് തന്റെ സ്വർഗാരോഹണത്തിൽ മഹത്വവും സമ്മാനങ്ങളും ലഭിച്ചതിനെയാണ്—മോതിരം, വസ്ത്രങ്ങൾ, സ്വർണസരപ്പളി

B. യോസേഫ് ആസ്നത്തിനെ വിവാഹം കഴിച്ചത്, യിസ്രായേൽ മക്കൾ ക്രിസ്തുവിനെ തിരസ്കരിച്ചതിനാൽ ജാതീയ ലോകത്തിൽ നിന്ന് ക്രിസ്തു സഭയെ എടുത്തതിനെ ചിത്രീകരിക്കുന്നു

### III. യോസേഫിന്റെ ജീവിതരേഖ ആത്മാവിന്റെ ഭരണത്തിന്റെ ഒരു വെളിപാടാണ്, കാരണം ആത്മാവിന്റെ ഭരണം പക്വതയുള്ള ഒരു വിശുദ്ധന്റെ വാഴുന്ന വശമാണ്;

A. യോസേഫ്, ആത്മാവിന്റെ ഭരണത്തിൻകീഴിൽ തന്റെ എല്ലാ വികാരങ്ങളോടും കൂടി അവൻ തന്നെത്തന്നെ അടക്കിനിർത്തി;

B. ദിവ്യജീവന്റെ പക്വതയും തികവും വെളിവാക്കുകയും ദൈവരാജ്യത്തെ കൊണ്ടുവരികയും ചെയ്ത ക്രിസ്തുവിന്റെ മനുഷ്യജീവിതത്തിന്റെ ഒരു ഛായാചിത്രമാണ് അവന്റെ ജീവിതം

C. യോസേഫ് രാജ്യജീവിതത്തിന്റെ അഭ്യസനമെന്ന നിലയിൽ സ്വയത്തെ ത്യജിച്ചുകൊണ്ടുള്ള ജീവിതം നയിച്ചു

D. തനിക്ക് ചെയ്യാൻ കഴിയുന്നത് ചെയ്യാതിരിക്കാൻ ശക്തിയുള്ളവനാണ് ഏറ്റവും ശക്തനായ വ്യക്തി—ഇതാണ് യഥാർഥത്തിലുള്ള സ്വയ ത്യാഗവും വാസ്തവമായ ക്രൂശുവഹനവും

E. തന്നെ മിസ്രയീമിലേക്ക് അയച്ചത് ദൈവമാണെന്ന് യോസേഫ് തിരിച്ചറിഞ്ഞു;

## പ്രായോഗികത

### IV. യോസേഫ് കഷ്ടം സഹിക്കുകയും സ്വയത്തെ ത്യജിക്കുകയും ചെയ്തതിനാൽ ജീവ സഹായത്തിന്റെ സമ്പത്ത് നേടി; അവനിൽ നിന്ന് ഭക്ഷണം ലഭിക്കുന്നതിന്, ആളുകൾക്ക് നാല് തരം വില നൽകേണ്ടി വന്നു: അവരുടെ പണം, കന്നുകാലികൾ, ഭൂമി, അവരെത്തന്നെ

A. പണം—സുഖസൗകര്യം; കന്നുകാലികൾ—ഉപജീവനം; ഭൂമി—ഉപാധികൾ; നാം അവനു എത്രയധികം കൊടുക്കുമോ അത്രയുമധികം ജീവസഹായം അവനിൽ നിന്ന് നമുക്ക് ലഭിക്കും.

B. നാം നമ്മെത്തന്നെ, നമ്മുടെ ആളത്തത്തിന്റെ എല്ലാ ഭാഗവും അവനു കൈമാറണം.

C. ഏറ്റവും ഉയർന്ന വില നാം നൽകുമ്പോൾ, ക്രിസ്തുവിന്റെ ആസ്വാദനത്തിന്റെ ശ്രേഷ്ഠമായ ഭാഗം നാം ആസ്വദിക്കുന്നു.

### V. യോസേഫിന് മേലുള്ള സാർവത്രിക അനുഗ്രഹം പുതിയ ആകാശത്തിലും പുതിയ ഭൂമിയിലുമുള്ള പുതിയ യെരൂശലേമിൽ പരിണതിപ്രാപിക്കുന്നു, അതിൽ ക്രിസ്തുവിനും അവന്റെ വിശ്വാസികൾക്കും അനുഗ്രഹമായി എല്ലാം പുതിയതായിരിക്കും

A. രൂപാന്തരം എന്നത് ദിവ്യജീവന്റെ പുതുമയാൽ ചയാപചയപരമായി മാറ്റമുണ്ടാകുന്നതാണ്, പക്വത എന്നത് നമ്മെ മാറ്റുന്ന ദിവ്യജീവന്റെ പുതുമയാൽ നിറയുന്നതാണ്, അനുഗ്രഹം ജീവന്റെ കവിഞ്ഞൊഴുക്കാണ്

B. ദൈവം മാത്രമാണ് പുതിയത്; ദൈവത്തിൽ നിന്ന് അകറ്റി വയ്ക്കപ്പെടുന്നതെല്ലാം പഴയതാണ്, എന്നാൽ ദൈവത്തിലേക്ക് തിരികെ വരുന്നതെല്ലാം പുതിയതാണ്

C. ദൈവത്തെ നമ്മുടെ പുതുമയുടെ അനുഗ്രഹമായി സ്വീകരിക്കുന്നതിന്റെ രഹസ്യം, എല്ലാം ദൈവത്തിലേക്ക് കൊണ്ടുവരികയും എല്ലാറ്റിലും അവനെ പ്രവേശിക്കാൻ അനുവദിക്കുകയും ചെയ്യുക എന്നതാണ്; യോസേഫിന് ലഭിച്ച സാർവത്രിക അനുഗ്രഹം അർഥമാക്കുന്നത് അനുഗ്രഹം എല്ലായിടത്തും ഉണ്ടെന്നാണ്; നമ്മുടെ സ്തുതികൾ വീഴ്ചയിലുള്ള ശാപത്തിന്റേതായ എല്ലാത്തിനെയും അനുഗ്രഹമാക്കി മാറ്റുന്നു